ജില്ലാ എമർജൻസി ഓപ്പറേറ്റിംഗ് സെന്റർ
കളക്ടറേറ്റ്, വയനാട്, കൽപ്പറ്റ.
ഫോൺ നമ്പർ: 04936 202251
ഇ മെയിൽ: deocwyd@gmail.com

**ചെയർപേഴ്സൺ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി & ജില്ലാ കളക്ടർ വയനാടിന്റെ നടപടിക്രമം**

(ഹാജർ: ഡോ.അദീല അബ്ദുള്ള ഐ എ എസ്)

വിഷയം: ഡിസാസ്റ്റർ മാനേജ്മെന്റ്- കോവിഡ്-19- കോവിഡ് കെയർ സെന്ററുകളിൽ നിയോഗിച്ചിട്ടുള്ള വോളണ്ടിയർമാർക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ- സംബന്ധിച്ച്

---

DCWYD/2909/2019(2)-DM1 dated 31.03.2020

---

വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ പുറത്ത് വിട്ട കണക്കുപ്രകാരം കൊറോണ വൈറസുമൂലമുണ്ടാകുന്ന കോവിഡ്-19 എന്ന രോഗബാധ ഇന്ന് ലോകത്ത് 199 രാജ്യങ്ങളെ ബാധിച്ചിട്ടുണ്ട്. ലോകത്തിലെ വിവിധ ഭാഗങ്ങളിൽ നിന്നും കേരളത്തിലേക്കും വയനാട്ടിലേക്കും ആളുകൾ വന്നുകൊണ്ടിരിക്കുന്നതിനാൽ രോഗവ്യാപനം തടയുന്നതിനും പ്രതിരോധിക്കുന്നതിനുമായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കോവിഡ് കെയർ സെന്ററുകളിൽ നിയോഗിച്ചിട്ടുള്ള വോളണ്ടിയർമാർക്ക് താഴെ കൊടുത്തിരിക്കുന്ന പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

1. എല്ലാ കോവിഡ് കെയർ സെന്ററുകളിലും വോളണ്ടിയർമാർ മൂന്ന് ഷിഫ്റ്റുകളായി ജോലി ചെയ്യേണ്ടതാണ്.
2. കോവിഡ് കെയർ സെന്ററുകളിലെ ഓരോ റൂമിലും താമസിക്കുന്നവരുടെ വിവരങ്ങൾ വോളണ്ടിയർമാർ കൈവശം വയ്ക്കേണ്ടതാണ്.
3. ഓരോ മുറിയിലും താമസിക്കുന്നവർക്കുള്ള ഭക്ഷണം വോളണ്ടിയർമാർ വിതരണം ചെയ്യേണ്ടതാണ്. (ഭക്ഷണം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എത്തിച്ച് തരുന്നതാണ്). ഭക്ഷണം വിതരണം ചെയ്യുമ്പോൾ നിരീക്ഷണത്തിലുള്ളവരുമായി നിർദ്ദേശിച്ച അകലം പാലിക്കേണ്ടതാണ്.

4. നിരീക്ഷണത്തിലുള്ളവരുടെ മുറികളിൽ വോളണ്ടിയർമാർ ഒരു കാരണവശാലും പ്രവേശിക്കാൻ പാടുള്ളതല്ല. കൂടാതെ ഹോട്ടൽ/ റിസോർട്ടിലുള്ള ജോലിക്കാരുമായി ഇടപഴകാൻ അവരെ അനുവദിക്കാൻ പാടുള്ളതല്ല.
5. ഇതുമായി ബന്ധപ്പെട്ട ആക്ടിവിറ്റികൾ വളണ്ടിയർമാർ സോഷ്യൽ മീഡിയായിൽ പോസ്റ്റ് ചെയ്യാൻ പാടുള്ളതല്ല.
6. വോളണ്ടിയർമാർ എല്ലാ ദിവസവും നിരീക്ഷണത്തിലുള്ളവരുടെ ആരോഗ്യനില അന്വേഷിക്കേണ്ടതും എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ ചാർജ്ജുള്ള ഹെൽത്ത് ഇൻസ്പെക്ടറെ അറിയിക്കേണ്ടതും വിവരങ്ങൾ അവിടെയുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.
7. നിരീക്ഷണത്തിലുള്ളവർക്ക് കോവിഡ്-19 ന്റെ എന്തെങ്കിലും ലക്ഷണം കാണിക്കുകയോ മറ്റെന്തെങ്കിലും ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാവുകയോ ചെയ്യുന്ന പക്ഷം വോളണ്ടിയർമാർ വിവരം അടുത്തുള്ള പ്രൈമറി ഹെൽത്ത് സെന്ററിലോ ആശുപത്രിയിലോ അറിയിക്കേണ്ടതാണ്.
8. വോളണ്ടിയർമാർ കോവിഡ് കെയർ സെന്ററിലെ വരാന്തയും പൊതു സ്ഥലങ്ങളും വൃത്തിയാക്കേണ്ടതും മാലിന്യങ്ങൾ (മുറിയിലെ മാലിന്യങ്ങളും ബാക്കി വന്ന ഭക്ഷണ പദാർത്ഥങ്ങളും) നീക്കം ചെയ്യേണ്ടതും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ശുചീകരണ പ്രവർത്തകർക്ക് കൈമാറേണ്ടതുമാണ്.
9. വോളണ്ടിയർമാർ തുടർച്ചയായ 7 ദിവസം ഡ്യൂട്ടിക്ക് ഹാജരാകേണ്ടതും തുടർന്നുള്ള 14 ദിവസം നിരീക്ഷണത്തിൽ പ്രവേശിക്കേണ്ടതുമാണ്.
10. വോളണ്ടിയർമാർ ആവശ്യമായ ശുചീകരണ വസ്തുക്കൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ/ ആരോഗ്യ പ്രവർത്തകരിൽ നിന്നോ ലഭ്യമാക്കി നിരീക്ഷണത്തിലുള്ളവർക്ക് എത്തിച്ച കൊടുക്കേണ്ടതാണ്.
11. കൃത്യമായ ദൂരപരിധി, ഇടയ്ക്കിടെയുള്ള കൈകഴുകൽ, മാസ്ക് ധരിക്കൽ മുതലായ എല്ലാ പ്രതിരോധ മുൻകരുതലുകളും നോളണ്ടിയർമാർ പാലിക്കേണ്ടതാണ്.

ചെയർപേഴ്സൺ ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി
& ജില്ലാ കളക്ടർ

31/3/2020

To

1) എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
2) എല്ലാ തഹസിൽദാർമാർക്കും
3) എല്ലാ മുനിസിപ്പൽ സെക്രട്ടറിമാർക്കും.